

LAYER
GVHSS ATHOLI
Digital Magezine
little KITES

# ജി.വി.എച്ച്. എസ്. എസ്
# അത്തോളി

# ഡിജിറ്റൽ മാഗസിൻ

# 2019-20

# എഡിറ്റോറിയൽ ബോർഡ്

സ്റ്റുഡൻ്ഡ് എഡിറ്റർ : ഖദീജ ദിൽറുബ

എഡിറ്റോറിയൽ ബോർഡ് : തേജസ് കിരൺ

: മുഹമ്മദ്റിദ്വാൻ

: മുഹമ്മദ് റിഷാൽ

: ആദർശ് എം

: അമൽ എം

: മേഘ ടി

: രോഷ്ന ബാബു

ഉപദേശകസമിതി : ഉഷ പനാട്ടിൽ മീത്തിൽ
: റഫീക്ക് പി
: ലസിത എ കെ
: അനുപമ പി

കവർ ഡിസൈനിംഗ് : തേജസ് കിരൺ

# ഉള്ളടക്കം

കവിത

## നിറം

ആരെല്ലാം വേദിനിക്കരുതെന്ന്
ഞാൻ ആശിച്ചുവോ
അവരെല്ലാം എനിക്ക് തന്നത്
തീരാവേദനകൾ മാത്രം.
ഞാനറിഞ്ഞിരുന്നില്ല
സ്നേഹത്തലോടൽ ഇങ്ങനെയെന്ന് .
കുട്ടിക്കാലത്തിൻ
നിറങ്ങളൊന്നുവേറെ ...
അന്നു ഞാൻ ചിരിച്ചപ്പോൾ
മെല്ലെയൊന്നു കരഞ്ഞപ്പോൾ
കൂട്ടനായേറെപ്പേർ...
ഇന്നു ഞാൻ തനിച്ചായി
ജീവിതത്തിൽ ഒന്നുമല്ലാതായി
എൻ നിഴൽ വെട്ടമേകിയ പ്രതീക്ഷപോലും
ഞാനറിയാതില്ലാതെയായി...
കാലമേ കനിയുക നീ
കനിയുക നീ...



റിയ

## എൻ ജാതി

ഒന്നുമറിയാത്ത പ്രായത്തിൽത്തന്നെ ഞാൻ
എൻ ജാതിയെന്തെന്നറിഞ്ഞു
അച്ഛൻെറ തല്ലുകൊണ്ടമ്മ കരഞ്ഞപ്പോളൻ
ജാതിയെന്തെന്നറിഞ്ഞു
കെട്ടുകഴിയാത്ത ചേച്ചിതൻ കണ്ണീരിലെൻ ജാതിയെന്തന്നറിഞ്ഞു
എന്തുകൊണ്ടെങ്ങിനെയെന്ന് ആരാരും ചോദിച്ചതില്ല
ഭരതഗൃഹത്തിലും ഓഫീസ് പടിക്കലും
എൻ ജാതിയെന്തന്നറിഞ്ഞു
ചൂടും പുകയും നിറഞ്ഞൊരടുക്കളയിൽ
എൻ ജാതിയെന്തന്നറിഞ്ഞു
എന്തുകൊണ്ടെന്തുകൊണ്ടെന്ന്
ഞങ്ങളാരും ചോദിച്ചീല.
ആരുമുയർത്താത്ത ചോദ്യങ്ങളുയർത്തുവാൻ നേരമായീ
സ്വപ്നങ്ങൾക്കൊക്കെയും അർത്ഥമുണ്ടാക്കേണ്ട നേരാമായി
ഇന്നുനേരമായീ

**യദുകൃഷ്ണ എസ്**



ലേഖനം

# സാങ്കേതികവിദ്യാകാലത്തെ സാഹിത്യം

**ഖദീജ ദിൽറുബ**

ജീവിതാവസ്ഥ സുഖകരവും സൗകര്യപ്രദവുമാക്കാനുള്ള അന്വേഷണം തന്നെയാണ് സാമൂഹ്യപുരോഗതിയുടെ അടിസ്ഥാനം. സാമൂഹ്യവികാസത്തിന്റെ ഓരോഘട്ടത്തിലും അന്നുവരെയുണ്ടായിരുന്ന വിശ്വാസങ്ങളെയും ധാരണകളെയും തിരുത്തിക്കുറിച്ചുകൊണ്ടാണ് ഈമുന്നേറ്റം സാധ്യമായത് .ഈ ജീവിതാന്വേഷണമാണ് ശാസ്ത്രവും ശാസ്ത്രചിന്തയുമായി വ്യാഖ്യാനിക്കപ്പെട്ടത്. വ്യക്തിയുടെ, സമൂഹത്തിന്റെ സർവതലങ്ങളെയും ഇത് സ്വാധീനിക്കുന്നു.



ആശയങ്ങളെ കൈമാറ്റം ചെയ്യാനുള്ള അവൻെറ സർഗ്ഗാത്മകമായ കഴിവാണ് ഇതര ജീവിവർഗ്ഗത്തിൽ മനുഷ്യനെ വ്യത്യസ്തനാക്കുന്നത് . ആശയവിനിമയത്തിലെ സർഗ്ഗാത്മകതയും വേഗതയുമാണ് ഇന്ന് കാണുന്ന പുരോഗതിക്ക് അടിസ്ഥാനം. മനുഷ്യൻെറ കലയും സാഹിത്യവുമൊക്കെ ഇതുമായിബന്ധപ്പെട്ടുനിൽക്കുന്നതാണ് .ആശയവിനിമയത്തിലുള്ള പുതിയകാലത്തെ സാങ്കേതിവിദ്യയുടെവളർച്ചഅതുകൊണ്ട് കലയെയും സാഹിത്യത്തെയും കുറിച്ചുള്ള നിലവിലുള്ള സങ്കൽപ്പങ്ങളെ മാറ്റിമറിച്ചിട്ടുണ്ടെന്ന് നമുക്ക് നിസംശയം പറയാം.

### സർഗ്ഗാത്മകതയും പാരമ്പര്യരീതികളും



സർഗ്ഗാത്മതയെ അടയാളപ്പെടുത്താൻ നൂറ്റാണ്ടുകളോളം, പാരമ്പര്യ രീതികളെ(ഗുഹാചിത്രങ്ങൾ, ശിലാലിഖിതങ്ങൾ തുടങ്ങിയവ) പിന്തുടർന്നിരുന്ന സമൂഹം ഇന്ന് അസാധ്യമായതിനെ പോലും സാധ്യമാക്കാൻ കഴിയുന്ന തരത്തിലേക്ക് വളർന്നു.(സാറ്റലൈറ്റ് ,മൊബൈൽഫോൺഎന്നിവ) എന്നാൽ ഇത് പെട്ടെന്നൊരുദിനം കൊണ്ടുണ്ടായ മാറ്റമല്ല, മറിച്ച് നിരന്തര അന്വേഷണത്തിലൂടെ രൂപപ്പെട്ടതാണ് . വിരൽതുമ്പിലെ ഒറ്റക്ലിക്കിൽ ലോകത്തെ മാറ്റിമറിക്കാവുന്ന, അറിവിലേക്കും അനുഭവത്തിലേക്കും ഇന്ന് മനുഷ്യൻ വളർന്നു.

### ശാസ്ത്രവും കലയും

ജീവിതാവിഷ്ക്കാരത്തിൻെറ സാഹിത്യത്തിലും മനുഷ്യൻ ഏറ്റവും ഉയർന്ന കണ്ടെത്തിയ രൂപമായ കലയിലും ശാസ്ത്രനേട്ടങ്ങളുടെ അടിത്തറയുണ്ടായിരുന്നു. നവസാങ്കേതിക വിദ്യയുടെ മുന്നേറ്റം ഉണ്ടാകുന്നതുവരെ,അറിവും സാഹിത്യവുമെല്ലാം ലോകം മുഴുവൻ സമ്പന്നതയുടെയോ ജാതീയമോ വർഗ്ഗീയമോ ആയ മേധാവിത്തത്തിൻെറയോ അടിസ്ഥാനത്തിൽ കുത്തകവൽ

ക്കരിക്കപ്പെട്ടിരുന്നു. ജീവിതത്തിന്റെ ദുരിതങ്ങളും പ്രതിസന്ധികളും നേർക്കുനേർ അനുഭവിച്ചിരുന്ന അടിസ്ഥാനജനത അതുകൊണ്ടുതന്നെ കലയ്ക്കും സാഹിത്യത്തിനും എപ്പോഴും പുറത്തായിരുന്നു.

**സാഹിത്യത്തിന്റെ ജനാധിപത്യവൽക്കരണം**

നവോത്ഥാനചിന്തകളുടെ ഭാഗമായി സാർഗ്ഗാത്മകാവിഷ്കാരത്തിന്റെ ജനാധിപത്യവൽക്കരണത്തിന് തുടക്കമായി. എങ്കിലും സമഗ്രമായ തലത്തിലേക്ക് അത് എത്തിയില്ല. ഈ പരിമിതി പരിഹരിച്ചുകൊണ്ട് സാഹിത്യത്തിന്റെ കുത്തകവൽക്കരണം തകർത്ത് അറിവും ആവിഷ്കാരവും ഏറ്റവും താഴെ തട്ടിലേക്ക് എളുപ്പത്തിലും വേഗത്തിലും വിതരണം ചെയ്യുക എന്ന വലിയ വിപ്ലവമാണ് നവസാങ്കേതികവിദ്യ സാധ്യമാക്കിയത്. ഒരർത്ഥത്തിൽ സാഹിത്യത്തിന്റെ ജനാധിപത്യവൽക്കരണത്തിന്റെ ഏറ്റവും വലിയഉപകരണങ്ങളിലൊന്നായി സാങ്കേതികവിദ്യമാറിയെന്ന് പറയാം.

## അച്ചടി യുഗം




ഗുട്ടൻ ബർഗ് അച്ചടിയന്ത്രം കണ്ടുപിടിച്ചതോടെയാണ് ഐ ടി യുഗത്തിന്റെ ആരംഭം. അച്ചടിമാധ്യമങ്ങളായിരുന്ന അക്കാലത്ത് അറിവിനെയും സാഹിത്യത്തെയും എളുപ്പത്തിൽ ജനങ്ങളിലേക്കെത്തിച്ചത് . പിന്നീട് കംപ്യൂട്ടറിന്റെയും തുടർന്ന് ഇൻറർനെറ്റിന്റെയും കണ്ടുപിടിത്തം ഈ മേഖലയിൽ ഗുണാത്മകമായ ഒരു പൊട്ടിത്തെറിതന്നെയാണ് ഉണ്ടാക്കിയത്. സാഹിത്യമടക്കം അറിവിന്റെ മേഖലകളിൽ ലോകത്തെ ആഗോളഗ്രാമമെന്ന സങ്കല്പത്തിലേക്ക് ചുരുക്കിയൊതുക്കി. നേരത്തെ അറിവിന്റെ, സൃഷ്ടിയും വിതരണവും ഒരു ന്യൂനപക്ഷമാണ് നിയന്ത്രിച്ചിരുന്നതെങ്കിൽ ഇൻറർനെറ്റ് യുഗത്തിൽ ഓരോരോവ്യക്തിയും അറിവിന്റെ ഉൽപാദകരും വിതരണക്കാരും ഉപഭോക്താവുമായി മാറുന്ന വിസ്മയകരമായ കാഴ്ചയാണ് ലോകം കണ്ടത്. ബ്ലോഗുകളും,

ബ്ലോഗുകളുമായി ഓരോ നിമിഷവും ലോകം പുതുക്കിപ്പണിതുകൊണ്ടേയിരിക്കുന്നു.


## സാഹിത്യത്തിൻെറ 'സാങ്കേതികത'



പാരമ്പര്യത്തിലൂന്നിനിന്നുള്ള നടപ്പുരീതികളെ തിരസ്കരിച്ചുള്ള നവസാങ്കേതിക കടന്നുവരവ് സാഹിത്യത്തിലും ഏറ്റവും പ്രകടമാണ് .സാഹിത്യത്തിൻെറ ഭാഷയിലും രൂപത്തിലും ഭാവത്തിലും ആവിഷ്കാരരീതിയിലും സൃഷ്ടിപ്രക്രിയയിലും വിനിമയത്തിലും വിതരണത്തിലും തുടങ്ങി സർവതലത്തിലും സാങ്കേതികമാറ്റത്തിൻെറ ഈ ഉൾച്ചേരൽനമുക്ക്കണ്ടെത്താനാവും. അടുത്തകാലം വരെ വായനക്കാരൻ അല്ലെങ്കിൽ ആസ്വാദകൻ സൃഷ്ടിയെ തേടിച്ചെല്ലുമ്പോൾ, പുതുകാലത്ത് സൃഷ്ടികളെ ആസ്വാദകൻെറ സമ്മതത്തിന് കാത്തുനിൽക്കാതെ അവൻെറ പരിസരത്തേക്ക് കൊണ്ടുചെന്നെത്തിക്കുകയാണ് സാങ്കേതികത ചെയ്യുന്നത് . ഫേസ് ബുക്ക് , വാട്സാപ്പ് , ഇൻസ്റ്റോഗ്രാം പോലെയുള്ള നവമാധ്യമങ്ങളാണ്ഇത്തരമൊരുമാറ്റത്തെ ആയാസരഹിതമാക്കിയത്. സാഹിത്യമേഖലയിൽ മാത്രമല്ല സമൂഹത്തിൻെറ സർവതലങ്ങളെയും ഈ പുതിയ വിതരണക്രമം മാറ്റിമറിച്ചുകൊണ്ടിരിക്കുകയാണ് .



സാങ്കേതികത നേട്ടങ്ങളും കോട്ടങ്ങളും സാങ്കേതികയിലൂന്നിയുള്ള ഇത്തരം മാറ്റങ്ങൾ സമൂഹത്തിലുണ്ടാക്കുന്നസ്വാധീനം അനുകൂലമോ പ്രതികൂലമോ എന്നും പരിശോധിക്കപ്പെടേണ്ടതുണ്ട് .നേരത്തെ എത്രമികച്ചതാണെങ്കിലും ഒരു സാഹിത്യസൃഷ്ടിജനങ്ങളിലേക്കെത്തിക്കുക എന്നത് ആ സാഹിത്യകാരൻ മാത്രം വിചാരിച്ചാൽസാധിക്കുന്ന ഒന്നായിരുന്നില്ല. പ്രസാധനം , വിതരണം , പരസ്യം തുടങ്ങിയഘടകങ്ങൾ സാഹിത്യത്തോടൊപ്പം ചേർന്നു നിന്നിരുന്നു. എന്നാൽ അത്തരംഇടനിലക്കാരെ (തടസ്സങ്ങളെ) പാടെ തകർത്തെറിയാൻ നവമാധ്യമങ്ങൾക്ക്കഴിഞ്ഞു. എന്നാൽ നവമാധ്യമ സാഹിത്യപ്രവർത്തനം സാഹിത്യത്തിൻെറ മൂല്യനിർണ്ണയം എന്ന ഘടകത്തെ ഇല്ലാതാക്കി. നിലവാരമില്ലാത്ത എന്തും
തള്ളാനും അത് വായിക്കാൻ ആസ്വാദകൻ നിർബന്ധിക്കപ്പെടുന്ന അവസ്ഥ ഉടലെടുക്കാനും ഇതുകാരണമായി തീർന്നുവെന്നും വിലയിരുത്തപ്പെടുന്നു. ഒപ്പംപുസ്തകങ്ങളുമായി ഓരോ വ്യക്തിക്കും സ്വയം അവകാശപ്പെടാൻ കഴിയുമായിരുന്ന ആത്മബന്ധത്തെകീറിക്കളയാനും വ്യക്തിപരമായി ഓരോ മനോവൈകല്യമേറുന്ന ഇതുവഴിവെച്ചുവെന്നും കുട്ടിയും യാന്ത്രികതയുടെ ജീവിതാവസ്ഥയിലേക്ക് ആക്ഷേപമുണ്ട് . അടിമകളാക്കപ്പെടുന്ന, അവരറിയാതെ മാറ്റപ്പെടുന്നതിലേക്കെത്തിക്കുന്നതായും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട് .



പുതിയ ലോകവും പുതിയ ചിന്തകളും പുതിയ കാലത്ത് പുതിയ രീതികളും ചിന്തകളും തന്നെയാണ് ഉണ്ടാകേണ്ടത്. ആ അർത്ഥത്തിൽ നവസാങ്കേതിക വിദ്യയും അതിലൂടെ വിനിമയം ചെയ്യപ്പെടുന്നസാഹിത്യവും സർഗ്ഗാത്മകതയിലെപുതിയകാൽവെപ്പുകളാണെന്ന് ഗുണാത്മകമായി സ്വീകരിക്കപ്പെടണം.ശാസ്ത്രവും മാനവികതയെ,സാങ്കേതികവിദ്യയും സാഹിത്യവും എത്രവളർന്നാലും അത് മൂല്യങ്ങളെ , സ്നേഹസൗഹൃദങ്ങളെ എന്നും ഉയർത്തിപ്പിടിക്കുന്നതാവണമെന്നാണ് നാം ഓർത്തുവെക്കേണ്ടത് . അല്ലാത്തതെന്തും

മനുഷ്യവംശത്തിനെതിരെയുള്ളപടയൊരുക്കങ്ങളാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട് . എല്ലാ അതിർത്തികളും മായ്ച്ചുകളയുന്ന മനുഷ്യൻ എന്ന മഹത്തായ ബോധ്യങ്ങളുടെ ഉദ്ഘോഷത്തിലൂടെ നമുക്കതിന് കഴിയുമെതന്നെയാണ് പ്രതീക്ഷ.

## കാട്ടുപൂവ്

ചിതറിത്തെറിക്കുന്ന ചിന്തകളിൽ
എപ്പോഴും  നിൻെറയീ പുഞ്ചിരിയൊന്നുമാത്രം
മഴവില്ലുപോലെ നീ മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളും
കൃഷ്ണത്തുളസി കതിർത്തുമ്പുമോഹിക്കും
നിൻെറയീ വാർമുടിച്ചുരുളിലെത്താൻ
പൂജക്കെടുക്കാത്ത പൂവായ ഞാനും
മോഹിച്ചിടുന്നു നിന്നരികിലെത്താൻ
മണമില്ല മധുവില്ല പൂജക്കെടുക്കില്ല
താനേ വളർന്നൊരു കാട്ടുപൂവാണ് ഞാൻ
വിടരും മുമ്പേ പൊഴയുന്ന ഇതളുള്ള
പൂജക്കെടുക്കാത്ത കാട്ടുപൂവാണ് ഞാൻ
ഇഷ്ടമാണെന്നൊന്നു ചൊല്ലുവാൻ വേണ്ടി
നിത്യവും നിൻ മുന്നിലെത്തിടുമ്പോൾ
നിൻെറ കൊലുസിൻെറ നാദങ്ങളിൽ ഞാൻ
താനേ മറന്നൊന്നു നിന്നിടുന്നു
ഒന്നും പറയാതെയറിയാതെ പോയിടുന്നു



ഹിഷാം എ

## ഏകാന്തത

ചുട്ടുകണ്ണീരണിഞ്ഞ
നിൻ കവിൾത്തടത്തിൽ
മെല്ലെവന്നു മായ്ച്ചിടാൻ തോന്നി
നീയെൻ അരികിലെങ്കിലും മെല്ലെയകലേക്കുമാറി
വരുമോ നീയെൻ മനസ്സിൽ മഴയായ്
ഏകാന്തമായൊരെൻ ജീവിതത്തിൽ...
കരൾ പിടക്കും എൻ നൊമ്പരമെല്ലാം
പറയാം നിന്നോട്
നീയെൻ അരികിലെങ്കിൽ

**റിയ ആർ**

**ലേഖനം**

# നിറം മാറുന്ന

# സൗഹൃദങ്ങൾ

**ആയിഷ**

ജീവിതത്തിൽ ഒരിക്കലും വിട്ടുപിരിയാൻ ആഗ്രഹിക്കാത്ത ബന്ധമാണ് സൗഹൃദബന്ധം. കൂട്ടുകാർ ഇല്ലാത്ത ഒരാളുടെ ജീവിതം അവനെ ഇരുട്ടിലേക്ക് നയിക്കുന്നതുപോലെയാണ്. കൂട്ടുകാരിൽ നിന്നാണ് നാം കുറെ കാര്യങ്ങൾ പഠിക്കുന്നത്. നല്ല കൂട്ടികാരിൽ നിന്ന് നല്ല കാര്യവും ചീത്ത കുട്ടികാരിൽ നിന്ന് ചീത്തകാര്യങ്ങളും നാം ഗ്രഹിക്കുന്നു.


നല്ല കൂട്ടുരാർ നമ്മൂടെ കൂടെ എപ്പോഴും ഉണ്ടാകും. അവരുടെ മനസ്സിൽ നമ്മുടെ സ്ഥാനം വളരെ വലുതായിരിക്കും. നല്ല സൂഹൃത്തുക്കൾ നമ്മെ ഒരിക്കലും വഞ്ചിക്കുകയില്ല. അവർക്ക് നമ്മിൽ നിന്ന് ഒരിക്കലും വിട്ടുപരിയാൻ ആഗ്രഹമുണ്ടായിരിക്കുകയില്ല. കൂട്ടുകാരുമൊത്തുള്ള രസകരമായ നിമിഷങ്ങൾ നമുക്ക് ഒരിക്കലും മറക്കാൻ സാധിക്കുകയില്ല. നല്ല സൗഹൃദങ്ങൾ സമൂഹത്തിന് തന്നെ മുതൽക്കൂട്ടായിരിക്കും. നല്ല സൗഹൃദങ്ങൾ സമുദ്രം പോലെയാണ് അതിൻെറ ആഴം നമുക്ക് അളക്കാനാവില്ല.



പണ്ടത്തെ കുട്ടികൾ കൂട്ടുകാരോടൊപ്പമ്പം ചെലവഴിക്കാൻ ഏറെ ഇഷ്ടപ്പെടുന്നവരായിരുന്നു. പക്ഷേ ഇപ്പോഴുള്ള കുട്ടികളുടെ അവസ്ഥ എന്താണ്? അവർക്ക് കൂട്ടുകാരോടൊപ്പം ചേർന്ന് ഉല്ലസിക്കാൻ ഒട്ടും സമയമില്ല. കാരണം അവരുടെ സുഹൃത്തുക്കൾ എന്ന് പറയുന്നത് അവരുടെ ആധുനിക ഉപകരണങ്ങളായ മൊബൈൽ ഫോൺ, ടെലിവിഷൻ, കമ്പ്യൂട്ടർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളാണ്. ഇത്തരം സാങ്കേതിക വിദ്യകൾ നമ്മുടെ ജീവിതത്തിൽ ഏറെ ഉപകാരപ്രദമാണെങ്കിലും അവയ്ക്ക് മാനസികമായി അടിമപ്പെടുന്നത് ഒട്ടും ഗുണകരമല്ല. മാത്രമല്ല വ്യക്തികളുടെ മാനസികാരോഗ്യം തകരുന്നതിന് വരെ ഇതുകാരണമായേക്കാം.

വിദ്യാർത്ഥികളായ നമുക്ക് പഠനകാര്യങ്ങൾക്ക് പുത്തൻ സാങ്കേതികവിദ്യകൾ ഏറെ പ്രയോജനപ്രദമാണ്. പാഠപുസ്തകവുമായി ബന്ധപ്പെട്ട പലകാര്യങ്ങളും കണ്ടെത്തുന്നതിനും കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനും ഇതിലൂടെ സാധിക്കുന്നത്. എന്നാൽ ഭൂരിഭാഗം വിദ്യാർത്ഥികളും പഠനകാര്യങ്ങൾക്കായല്ല മറിച്ച് തെറ്റായ കാര്യങ്ങളിലേക്കാണ് ഇതിനെ

കൊണ്ടുപോകുന്നത്. ചിന്തിക്കുന്ന വിദ്യാർത്ഥികൾ ഇത്തരം വലയിൽ ചെന്നുപെടാൻ പാടില്ല. സമൂഹത്തിലെ നല്ല മാറ്റങ്ങൾ ഉൾക്കൊള്ളുന്നതോടൊപ്പം തെറ്റായിട്ടുള്ള കാര്യങ്ങൾ എതിർക്കാനും നമുക്ക് കഴിയണം.



വ്യക്തിബന്ധങ്ങളിലൂന്നിയുള്ള സൗഹൃദങ്ങൾ തെരഞ്ഞെടുക്കുമ്പോൾ പുലർത്തേണ്ട സൂക്ഷ്മതയെക്കുറിച്ച് നമുക്കറിയാം. സൗഹൃദത്തിൻെറ മുഖം മൂടിയണിഞ്ഞുള്ള ചതിക്കുഴികൾ മറകടക്കാൻ നാം ജാഗരൂകരായിരിക്കണം എന്നതിന് തെളിവാണിത് . അതേസമയം സാങ്കേതികവിദ്യകളെ നാം ഒരു മുൻകരുതലുമില്ലാതെയാണ് നാം നമ്മുടെ സൗഹൃദവലയത്തിൽ ഉൾപ്പെടുന്നത്. ഇത് അപകടം ചെയ്യുമെന്ന് സമീപകാല സംഭവങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. നമുക്ക് ആവശ്യമുള്ളതിനെ മാത്രമേ നാം സ്വീകരിക്കാവൂ എന്ന വിലപ്പെട്ട സന്ദേശവും ഇതിൽ അടങ്ങിയിട്ടുണ്ട്.

## രണ്ട് കവിതകൾ

## ബക്കറ്റ്



ആഴങ്ങളിലേക്ക് അകന്ന്
ഉയരങ്ങളിലേക്ക് നിറഞ്ഞ്
ആർക്കോവേണ്ടി
കവിഞ്ഞുപോകുന്ന ജന്മം....

**ചോക്ക്**

കറുത്ത പ്രതലത്തിൽ
എത്രത്തോളം
ഉരഞ്ഞുവേദനിച്ചാണ്
നിനക്കുള്ള അക്ഷരങ്ങൾ
ഞാൻ വെളുപ്പിച്ചെടുത്തത്.

**പി ആർ**



# നന്ദി

**ജി.വി.എച്ച്.എസ്.എസ്. അത്തോളി**

little KITES

GVHSS ATHOLI